Syro Malabar Commission for Liturgy



# നോമ്പ് നാലാം ഞായർ

മുന്തിരിത്തോട്ടത്തിലെ അവിശ്വസ്തരായ കൃഷിക്കാരെക്കുറിച്ചാണ് ഈ ദിവസത്തെ സുവിശേഷഭാഗം പ്രതിപാദിക്കുന്നത് (മത്താ 21: 33-44). ഈ ഉപമയുടെ പഴയനിയമപശ്ചാത്തലം ഏശയ്യായുടെ പ്രവചനവുമായി ബന്ധപ്പെട്ടതാണ് (ഏശ 5: 1-7). ഇസ്രായേൽജനതയെ മുന്തിരിത്തോട്ടമായും, ദൈവത്തെ തോട്ടം ഉടമയായിട്ടുമാണ് ഏശയ്യാ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ഈയൊരു ചരിത്രപശ്ചാത്തലത്തിലാണ് പാലസ്തീനായിലെ ഭൂപ്രകൃതിയെയും, കാർഷികസമ്പ്രദായത്തെയും ബന്ധപ്പെടുത്തി മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ ഈശോ അരുളിച്ചെയ്യുന്നത്. ഇവനെ കൊന്ന് നമുക്ക് അവകാശം കരസ്ഥമാക്കാം എന്ന് അവർ ചിന്തിക്കുന്നു. ഇപ്രകാരമുള്ള വ്യാമോഹങ്ങൾക്ക് വശംവദരായ ധാരാളം പേരെ ബൈബിളിൽ കാണാൻകഴിയും. ഈ പഴം കഴിച്ചാൽ ദൈവത്തെപ്പോലെയാകാം എന്ന വ്യാമോഹത്തിന് കീഴ്പ്പെട്ടപ്പോഴാണ് ആദം പറുദീസായിൽനിന്ന് പുറത്താക്കപ്പെട്ടത് (ഉത്പ 3). ഊറിയാ എന്ന തന്റെ സൈന്യാധിപനെ കൊന്നുകളഞ്ഞാൽ അവന്റെ ഭാര്യയെ സ്വന്തമാക്കാമെന്ന വ്യാമോഹത്തിന് ദാവീദ് രാജാവ് കീഴ്പ്പെട്ട് ദൈവപ്രമാണം ലംഘിക്കുന്നു (2 സാമു 11). നാബോത്തിനെ ഇല്ലാതാക്കി അവന്റെ മുന്തിരിത്തോട്ടം കരസ്ഥമാക്കാമെന്നുള്ള വ്യാമോഹത്തിൽ ആഹാബ് രാജാവ് തെറ്റുചെയ്യുന്നു (1 രാജ 21). ദൈവസ്നേഹത്തിന്റെ മകുടോദാഹരണമായിട്ടാണ് തന്റെ ഏകജാതനെ ദൈവം അയച്ചതെങ്കിലും (യോഹ 3:16) അവനെയും അവർ കൊല്ലുമെന്ന് ഈ ഉപമയിലൂടെ ഈശോ വ്യംഗ്യമായി സൂചിപ്പിക്കുന്നു. ഇപ്രകാരമുള്ള പ്രലോഭനങ്ങൾ ഇന്നും ആവർത്തിക്കപ്പെടുന്നു. സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി മിശിഹായുടെ പ്രബോധനങ്ങളെയും സുവിശേഷമൂല്യങ്ങളെയും തമസ്കരിക്കുന്നവരുടെ എണ്ണം ഇന്ന് ഏറിവരുന്നു. മിശിഹായുടെ അവകാശം ക്രിസ്തീയകുടുംബങ്ങളിൽനിന്ന് ഇല്ലാതാക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഇതി നെതിരേയുള്ള ഒരു ഓർമക്കുറിപ്പായി ഈ സുവിശേഷഭാഗം വർത്തിക്കുന്നു.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട്

Read More:www.syromalabarliturgy.org